- 18-3-2002-ലെ സ.ഉ. (കൈ) നമ്പർ40/2002/റവന്യൂ റദ്ദാക്കി.
- ലൈബ്രറി കൗൺസിലിന് കെട്ടിടം നിർമ്മിക്കുന്നതിന് അനുവാദം നൽകിക്കൊണ്ടുള്ള സിംഗിൾ ബഞ്ചിന്റെ വിധി റദ്ദാക്കി.
- ലൈബ്രറി കൗൺസിലിന് നോട്ടീസ് നൽകി.
- പ്രസ്തുത വിഷയം കേട്ട് ഹിയറിംഗ് നടത്തി തീരുമാനമെടുക്കുന്നതിനുള്ള ചുമതല സർക്കാരിൽ നിക്ഷിപ്തമാണെന്ന് കോടതി പരാമർശിച്ചു.

(ബി) ഇല്ല.

(സി) ബാധകമല്ല.

സംസ്ഥാന സ്കൂൾ യുവജനോത്സവം

46 (2626) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സ്കൂൾ യുവജനോത്സവം സംഘടിപ്പിക്കുന്നതിന് കഴിഞ്ഞ വർഷത്തെക്കാൾ എത്ര തുക അധികരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാന സ്കൂൾ കലോത്സവ നടത്തിപ്പുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷത്തേക്കാൾ 10,75,000 രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്.

പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് തുക

47(2632) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എസ്.സി./എസ്.ടി. വിഭാഗങ്ങൾ ഉൾപ്പെടെയുള്ള വിഭാഗങ്ങൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് തുക എത്ര പ്രാവശ്യം വർദ്ധിപ്പിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ; നിലവിൽ നൽകുന്ന തുകയുടെ വിശദവിവരങ്ങൾ നൽകുമോ;

(ബി) ഒ.ഇ.സി. വിഭാഗങ്ങൾക്ക് പട്ടികജാതി വിഭാഗങ്ങൾക്ക് നൽകുന്ന മുഴുവൻ ആനുകൂല്യങ്ങളും നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എസ്.സി./എസ്.റ്റി./ ഒ.ഇ.സി. വിഭാഗങ്ങൾക്കുള്ള പോസ്റ്റ്മെട്രിക് തലത്തിലുള്ള വിദ്യാർത്ഥികൾക്ക് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ (ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, പോക്കറ്റ് മണി എന്നിവ) നിരക്ക് 11-1-2012-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 6/2012/പ.ജ.പ.വ.വി.വ. പ്രകാരം ഒരു പ്രാവശ്യം വർദ്ധിപ്പിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly